9 -ാം വർഷം
2026
ജൂൺ 07, ഞായർ
ശ്ലീഹാ മൂന്നാം ഞായർ
പരിശുദ്ധ ത്രിത്വത്തിന്റെ തിരുന്നാൾ

Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS




ശൂന്യതയിൽ നിന്നും ഏകാന്തതയിൽ നിന്നും വിമോചിക്കപ്പെടുന്നു. യേശുവിനോടൊപ്പം ആനന്ദം നവജന്മം പ്രാപിക്കുന്നു. ഈ ആനന്ദത്താൽ മുദ്രിതമായ സുവിശേഷവത്ക്കരണത്തിന്റെ ഒരു നൂതന അധ്യായം സമാരംഭിക്കുന്നതിന് ക്രിസ്തീയ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു." സുവിശേഷത്തിന്റെ ആനന്ദം മാനവഹൃദയങ്ങളിൽ കവിഞ്ഞൊഴുകണമെന്ന ചിന്തോദ്ദീപ്തമായ ആഹ്വാനമാണ് Evangeli Gadium AYhm Joy of the Gospel എന്നതിലൂടെ പിതാവ് ലോകരുമായി പങ്കുവയ്ക്കുന്നത്.

**ശ്ലീഹാകാലം:**

സഭയുടെ രൂപീകരണവും പരിശുദ്ധാത്മാവിനാൽ പ്രചോദിതരായ അപ്പസ്തോല ഗണത്തിന്റെ സുവിശേഷ പ്രഘോഷണങ്ങളും സവിശേഷമായി ഓർത്തെടുക്കുന്ന കാലമാണല്ലോ

# ഹൃദയം കൊണ്ട് പറയാം, Yes!

പുറ 23:20-26, യോന 4:1-11, റോമ 15:14-21, ലൂക്കാ 9:1-6

Evangeli Gadium:
'സുവിശേഷത്തിന്റെ ആനന്ദം' എന്ന ഫ്രാൻസീസ് മാർപ്പാപ്പയുടെ അപ്പസ്തോലിക ആഹ്വാനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: 'സുവിശേഷത്തിന്റെ ആനന്ദം യേശുവിനെ അഭിമുഖീകരിക്കുന്ന എല്ലാവരുടെയും ഹൃദയങ്ങളിലും ജീവിതത്തിലും കവിഞ്ഞൊഴുകുന്നു. അവിടുത്തെ രക്ഷയുടെ വാഗ്ദാനം സ്വീകരിക്കുന്ന എല്ലാവരും പാപത്തിൽ നിന്നും ദുഃഖത്തിൽ നിന്നും ആന്തരിക




ടോം അലക്സ് വഴുതനപ്പിള്ളിൽ

ശ്ലീഹാക്കാലം. ഈ കാലത്തിലെ മൂന്നാം ഞായറാഴ്ചയിലെ പഴയനിയമ, ലേഖന, വിശുദ്ധ ഗ്രന്ഥ വായനകളെല്ലാം അയക്കപ്പെട്ടവരെയാണ് പ്രഥമഗണനീയമായി വരച്ചിടുന്നത്. വചനം മാംസമായി തീർന്നവൻ പകർന്നു നൽകിയ സുവിശേഷം ലോകത്തിന്റെ അതിർത്തികളിലേക്ക് എത്തിക്കാൻ തന്റെ ഒപ്പമായിരുന്ന ശിഷ്യന്മാരെ ദൗത്യപ്പെടുത്തുന്ന ഭാഗമാണ് ലൂക്കാ സുവിശേഷകൻ നമ്മുടെ ചിന്തയ്ക്ക് വിഷയീഭവിപ്പിക്കുന്നത്. വളർന്നു വരുന്ന തലമുറയുടെ ചിന്താകവാടങ്ങളിലേക്ക് ഈ വിധമുള്ള ആശയങ്ങൾ കടത്തിവിടാനെന്നവണ്ണം രൂപകൽപന ചെയ്തിരിക്കുന്ന പാഠ്യപദ്ധതി സീറോ മലബാർ വിശ്വാസ പരിശീലന ക്ലാസുകളിലെ പാഠപുസ്തകങ്ങളിലും ദൃശ്യമാണ്. പ്രേഷിതാഭിമുഖ്യ ചിന്തകളും അവ അഭംഗുരം തുടരേണ്ടതിന്റെ ആവശ്യകതയും ആധുനിക ലോകത്തിൽ അവയ്ക്കുള്ള സാധ്യതകളും പുതുതലമുറക്ക് പരിചയപ്പെടുത്തി കൊടുക്കാനുള്ള ശ്രമം.

## ഈശ്വര സാന്നിധ്യത്തിന്റെ വെളിപ്പെടുത്തലുകൾ

ലൂക്കാ സുവിശേഷത്തിന്റെ എട്ടാം അധ്യായത്തിൽ, മനുഷ്യജീവിതത്തിന്റെ വൈവിധ്യങ്ങളായ മേഖലകളിൽ തന്റെ സാന്നിധ്യംകൊണ്ട് യേശു നിവർത്തിക്കുന്ന അത്ഭുതങ്ങളുടെ ഒരു നിരതന്നെ നമുക്കു ദർശിക്കാം. കൊടുങ്കാറ്റിനെ ശാന്തമാക്കി മനുഷ്യന്റെ ജീവിത സാഹചര്യങ്ങളെ സുരക്ഷിതമാക്കുന്നതും പിശാചുബാധിതനെ സുഖപ്പെടുത്തി ആന്തരീക സൗഖ്യം പ്രദാനം ചെയ്യുന്നതും ജായ്റോസിന്റെ മകളെ പുനർജീവിപ്പിച്ചുകൊണ്ട് ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരുന്നതും രക്തസ്രാവക്കാരി സ്ത്രീക്ക് ശാരീരിക സൗഖ്യം നൽകുന്നതുമായ സുവിശേഷ ഭാഗങ്ങൾ. ലോകത്തിന്റെ സർവ്വശക്തികളുടേയും മേൽ തനിക്കുള്ള അധികാരം, യേശു ശിഷ്യഗണത്തിനു വെളിപ്പെടുത്തിക്കൊടുക്കുന്ന വിവരണത്തിന്റെ ശേഷമാണ് ലൂക്കാ സുവിശേഷകൻ ഒൻപതാം അധ്യായത്തിലേക്ക് നമ്മളെ കൂട്ടിക്കൊണ്ടുപോകുന്നത്. സമാനമായ ദൗത്യവും അധികാരവും താൻ പേരുചൊല്ലി വിളിച്ച ശിഷ്യഗണത്തിലെ പന്ത്രണ്ടുപേർക്കും ഈശോ കൈമാറുന്നു. ദൗത്യനിർവ്വഹണത്തിന്റെ Dos & Do nots കൃത്യമായി അവിടുന്ന് അവർക്ക് കൈമാറുന്നുണ്ട്. ഈ ദൗത്യനിർവഹണത്തിന്റെ നാനാതര പ്രവർത്തനങ്ങളും അവയുടെ ഫലങ്ങളും അപ്പസ്തോലപ്രവർത്തനങ്ങളിൽ നമുക്ക് കാണാൻ സാധിക്കും. സഭ ക്രിസ്തുവിന്റെ തുടർച്ച എന്നതിനാൽ, സഭാതനയരായ നാമേവരും ഈ ദൗത്യനിർവഹണത്തിനായി വിളിക്കപ്പെട്ടവരാണ്. മാമ്മോദീസാ, സ്ഥൈര്യലേപനം എന്നീ കൂദാശകളിലൂടെ ഈ വിളി നമ്മിൽ ഊട്ടിയുറപ്പിക്കപ്പെടുകയും ചെയ്യുന്നു.

## സുവിശേഷ പ്രഘോഷണത്തിന് ഇന്നിന്റെ പ്രസക്തി

കേരളത്തിൽ ഈ അടുത്ത് നടന്ന നിയമസഭാ തിരഞ്ഞെടുപ്പിലൂടെ ഒരു ഭരണമാറ്റം കൈവന്നിരിക്കുകയാണല്ലോ. ഉത്തരവാദിത്തം ഏറ്റെടുത്തതിനു ശേഷം നടത്തപ്പെട്ട പ്രഖ്യാപനങ്ങളിൽ എന്റെ ശ്രദ്ധയിൽ വന്ന പ്രധാനപ്പെട്ട ഒരു പ്രഖ്യാപനമായിരുന്നു Operation Toofan. ആഭ്യന്തരവകുപ്പിന്റെ ചുമതലയുള്ള മന്ത്രി നടത്തിയ ഒരു പ്രഖ്യാപനം. മയക്കുമരുന്നിന്റെ വിതരണ ശൃംഖലയെ തകർക്കുന്നതിനും കൗമാരക്കാരേയും യുവജനങ്ങളേയും ഈ വിപത്തിന്റെ കരങ്ങളിൽ നിന്ന് മോചിപ്പിക്കുന്നതിനും ലക്ഷ്യംവച്ചുള്ള പ്രഖ്യാപനം. പുതിയ അധ്യയന വർഷാരംഭദിനമായ 2026 ജൂൺ 1ന് തന്നെയാണ് ഈ പദ്ധതി ആരംഭത്തിനായി തിരഞ്ഞെടുത്തത് എന്നതിൽ നിന്ന് ഈ വിഷയത്തിന്റെ ഗൗരവം നമുക്ക് മനസിലാകും. അധികാരസ്ഥാനങ്ങളിൽ വിഹരിക്കുന്ന ചിലരുടെയെങ്കിലും മൗനാനുവാദത്തോടെ വ്യാപരിക്കുന്ന ഈ വിപത്തിൽനിന്ന് നമ്മുടെ മക്കളെ സുരക്ഷിതരാക്കാനുള്ള ശ്രമങ്ങൾക്ക് ഊർജ്ജം പകരുന്ന ഒരു നീക്കവും നമുക്ക് അന്യമാകരുത്. ഇത് നവസുവിശേഷവത്ക്കരണത്തിന്റെ ഭാഗമായിത്തീരണം. ലോകത്തിന്റെ ഭൗതിക സുഖങ്ങൾക്കു പിറകേ പരക്കം പായുന്ന സമൂഹത്തോടു ജാഗ്രത പുലർത്തണം എന്ന് വിളിച്ചോതുവാനുള്ള സുവിശേഷ ദൗത്യം ഇന്ന് പ്രസക്തമാണ്. പ്രസവിച്ച ഉടനെ, തന്റെ ചോരക്കുഞ്ഞിനെ കുളിമുറിയുടെ ജനാല വഴി പുറത്തേക്കെറിഞ്ഞ അമ്മയും പ്രേമം എന്ന വിശേഷസങ്കൽപത്തിനു കളങ്കം ചാർത്തി ഒരുക്കുന്ന പ്രണയകുരുക്കുകളിൽ ഹോമിക്കപ്പെടുന്ന യൗവ്വനങ്ങളും ക്ഷിപ്രധനസമ്പാദനത്തിനു വേണ്ടി ഏത് അധമ മാർഗ്ഗങ്ങളും അവലംബിക്കുന്ന വികൃത മനോനിലകളും ദൃശ്യശ്രവ്യ മാധ്യമങ്ങളിൽ നിത്യേന എന്നോണം ഇടംപിടിക്കുന്നതു നമ്മളെ ആശങ്കപ്പെടുത്തുന്നുണ്ട്. നമുക്കോ, നമ്മുടെ ജീവിതസാഹചര്യങ്ങളുമായി ഏറെ ചേർന്നു നിൽക്കുന്നവർക്കോ ഏതെങ്കിലുമൊരു അത്യാഹിതം സംഭവിക്കുന്നതുവരെ, ലോകത്തിൽ എവിടെയോ, നടക്കുന്ന ഒരു സംഭവം എന്ന പരിചരണം ചാർത്തി നിസ്സാരവൽക്കരിക്കപ്പെടുന്ന എത്രയോ സന്ദർഭങ്ങൾ നമുക്ക് പരിചിതമാണ്. ഈ കാലഘട്ടത്തിലേക്ക് അയക്കപ്പെട്ടവരായി കർമ്മനിരതരാകാനുള്ള വിളി അത്യുച്ചത്തിലും അതിതീവ്രതയിലുമാണെന്നുള്ളത് നമ്മുടെ ഉത്തരവാദിത്തത്തെ വലുതാക്കുന്നുണ്ട്.

## ദൈവരാജ്യം പ്രസംഗിക്കാനും രോഗികളെ സുഖപ്പെടുത്താനും

ഗലീലിയിൽ നിന്ന് ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും പുറപ്പെട്ട ക്രിസ്തു ശിഷ്യർ ദൗത്യനിർവഹണത്തിലൂടെ പടുത്തുയർത്തിയ സഭയ്ക്ക്, ഇന്ന് തുടരാനുള്ളതു വലിയ പ്രേഷിതദൗത്യം തന്നെയാണ്. ജീവിതത്തിന്റെ സർവ്വ മേഖലകളിലും നടന്നുകൊണ്ടിരിക്കുന്ന അസൂയാവഹമായ മുന്നേറ്റങ്ങൾക്ക് നമ്മൾ സാക്ഷികളാണ്. ആ നേട്ടങ്ങളെ സർവ്വാത്മനാ പ്രശംസിക്കുമ്പോഴും മനുഷ്യബന്ധങ്ങളിലും കുടുംബസംവിധാനങ്ങളിലും ഏൽപ്പിക്കപ്പെടുന്ന പരിക്കുകൾ കണ്ടില്ല എന്നു നടിക്കാനാവില്ല. സാമൂഹ്യമാധ്യമങ്ങളാലും കമ്പോള താൽപര്യങ്ങളാലും നിയന്ത്രിതമായ നമ്മുടെ സമൂഹജീവിതം എന്തെന്നില്ലാത്ത വെല്ലുവിളികളാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. ലെയോ പതിനാലാമൻ മാർപ്പാപ്പയുടെ പ്രഥമ ചാക്രിക ലേഖനമായ മാഗ്നീഫിക്കോ ഹ്യൂമാനിറ്റാസിൽ ശാസ്ത്രത്തിന്റെ സൗകര്യങ്ങളും എഐയുടെ

ഉപയോഗവും കടുത്ത ധാർമ്മിക നിയന്ത്രണങ്ങൾക്ക് വിധേയമാക്കേണ്ടതിന്റെ പ്രാധാന്യം പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്. ലോകത്ത് നേരിട്ട് നടക്കുന്ന യുദ്ധങ്ങൾപോലെ തന്നെ ഭീതിപ്പെടുത്തുന്നതാണ് സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള കടന്നാക്രമണങ്ങളും വ്യക്തിഹത്യകളും. അസത്യങ്ങളും അർദ്ധസത്യങ്ങളും നിർബാധം വ്യവഹാരം ചെയ്യപ്പെടുന്ന ഒരു പ്ലാറ്റ്ഫോം ആയി സാമൂഹികമാധ്യമങ്ങൾ മാറുന്നു എന്നത് ആശങ്കാജനകമാണ്. ഫലമോ, ജീവിക്കുന്നതിന്റെ സന്തോഷം പലമുഖങ്ങളിൽ നിന്ന് മാഞ്ഞുപോകുന്നു. സമാധാനം എന്നത് ഒരു ഉത്തരവാദിത്തത്തിനപ്പുറത്ത്, യുദ്ധങ്ങൾക്കിടയിലെ ദുർബലമായ ഒരു ഇടവേളയായി ചുരുങ്ങുന്നു എന്ന് മാർപ്പാപ്പ ലോകരെ ഓർമപ്പെടുത്തുന്നു. സുവിശേഷത്തിന്റെ ആനന്ദം ലോകത്തിനു പകർന്നു കൊടുക്കുവാൻ, 'അയയ്ക്കപ്പെട്ടവർ' എന്ന നമ്മളിലെ ചിന്ത ഉണരുക തന്നെ വേണം.



## നിങ്ങൾ തന്നെ അവർക്ക് ഭക്ഷിക്കാൻ കൊടുക്കുവിൻ
(മർക്കാ 6:37)

നാലു സുവിശേഷങ്ങളിലും പ്രതിപാദിച്ചിരിക്കുന്ന യേശുവിന്റെ ഒരു അത്ഭുത പ്രവൃത്തിയാണല്ലോ, അപ്പം വർധിപ്പിക്കുന്നത്. പ്രസ്തുത ഭാഗത്ത്, യേശു തന്റെ ശിഷ്യരോട് പറയുന്ന ഭാഗം മർക്കോസ് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നതാണ് ഉപതലക്കെട്ടായി കുറിച്ചിരിക്കുന്നത്. സമാനമായ ഒരാഹ്വാനം ഇന്ന് തിരുവചനത്തിലൂടെ നമ്മുടെ കേൾവി തീരങ്ങളിലും നങ്കൂരമിടുന്നുണ്ട്. ഇന്നത്തെ ലോകത്തിൽ ദൂതരാകുവാൻ, സുവിശേഷം അറിയിക്കുവാൻ, രാഷ്ട്രീയ ഭരണ മേഖലകളിൽ ജീവിക്കുന്ന സുവിശേഷങ്ങളാകുവാനുള്ള വിളി മറ്റേതു കാലത്തേക്കാളും ഇന്ന് സജീവമാണല്ലോ. ഈയടുത്ത ദിവസങ്ങളിൽ വാർത്താമാധ്യമങ്ങളിൽ ശ്രദ്ധനേടിയ വിഷയങ്ങളായിരുന്നല്ലോ NEET, CUET പ്രവേശന പരീക്ഷകളിൽ സംഭവിച്ച ക്രമക്കേടുകൾ. എത്രയോ കുട്ടികളുടെ ഭാവിയെയാണ് ഉത്തരവാദിത്തപ്പെട്ടവരുടെ അലംഭാവം സാരമായി ബാധിച്ചത്. കേവലം സാമ്പത്തിക നേട്ടങ്ങൾക്കുവേണ്ടി നടത്തപ്പെട്ട തിരിമറികൾ! Decision Making സംവിധാനങ്ങളിൽ ജീവിക്കുന്ന സുവിശേഷങ്ങളാവാൻ പ്രാപ്തരായ ഒരു തലമുറയെ വാർത്തെടുക്കുക എന്നതും ആധുനിക ലോകത്തിന്റെ സുവിശേഷദൗത്യമായി പരിഗണിക്കുക തന്നെ വേണം. സത്യസന്ധരും നീതിനിഷ്ഠരുമായ ഭരണാധികാരികളും ഉദ്യോഗസ്ഥരും നാടിന്റെ നന്മയ്ക്ക് അനിവാര്യരായി മാറുന്നു. ഉയർന്ന മൂല്യങ്ങളും ക്രിസ്തുകേന്ദ്രീകൃത ജീവിത ദർശനങ്ങളും സ്വായത്തമാക്കുന്ന ഒരു തലമുറ രൂപപ്പെടട്ടെ. അപ്രകാരമൊരു സുവിശേഷ പ്രഘോഷണത്തിന് നമ്മുടെ കുടുംബങ്ങളും ഇടവകകളും ഇതര സഭാസംവിധാനങ്ങളും ഉണർന്നു പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

## Passion ആകുമ്പോൾ ഹൃദയത്തിൽ നിന്നേ വരൂ...

കർണാടക സംഗീതത്തിലെ 72 മേളകർത്താരാഗങ്ങളിൽ ഇരുപത്തിയൊന്നാമത്തെ രാഗമാണ് കീരവാണി. അതേ പേരിൽ തന്നെയാണ് പ്രശസ്ത സംഗീത സംവിധായകനും ഗാനരചയിതാവും ഗായകനുമായ കെ.എം. കീരവാണിയും. ഈ അടുത്തനാളുകളിലൊന്നിൽ ഒരു പ്രമുഖ മലയാള ദിനപത്രത്തിന് അനുവദിച്ച അഭിമുഖത്തിൽ, അദ്ദേഹം പങ്കുവച്ച ഒരു ചിന്തയുണ്ട്! ഒരു professional ഗാനരചയിതാവ് തലച്ചോറു കൊണ്ട് ഗാനങ്ങൾ രചിക്കുന്നു. നേരേമറിച്ച് ഒരു Passionate ഗാന രചയിതാവ്, ഹൃദയംകൊണ്ട് ഗാനരചന നിർവഹിക്കുന്നു. ഹൃദയംകൊണ്ട് നിർവഹിക്കുന്ന കാര്യങ്ങളേ അപരഹൃദയങ്ങളിൽ സ്ഥിരതാമസമാക്കൂ. ഇപ്രകാരം ഹൃദയംകൊണ്ട് സ്വയം സുവിശേഷകരാകാനുള്ള വിളിക്ക് നമുക്ക് പറയാം, yes.

സുവിശേഷ ഗീതികൾ പാടാൻ,
യേശുവിൻ സാക്ഷികളാകാൻ
ലോകത്തിലെങ്ങും പോകാൻ, നാഥൻ
വിളിക്കുന്നു നമ്മേ.

*(യുഎഇയിൽ ഉദ്യോഗസ്ഥനും എഴുത്തുകാരനും ആണ് ലേഖകൻ)*

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com